# പതിനാലാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 913

30-01
~~06/02~~/2019-ൽ മറുപടി
നൽകേണ്ടത്

### പെരുമ്പുഴക്കടവ് പാലത്തിന്റെ പുനർനിർമ്മാണ നടപടികൾ

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. സി.എഫ്. തോമസ് | | പിണറായി വിജയൻ<br>( മുഖ്യമന്ത്രി ) |
| എ) നിർമ്മാണം പൂർത്തീകരിക്കുന്ന സമയത്ത് അപ്രോച്ച് റോഡ് തകർന്ന ചങ്ങനാശ്ശേരി നിയോജക മണ്ഡലത്തിലെ പെരുമ്പുഴക്കടവ് പാലത്തിന്റെ പുനർ നിർമ്മാണ നടപടികൾ ഏത് ഘട്ടത്തിലാണ് ;<br><br>ബി) പാലത്തിന്റെ പുനർ നിർമ്മാണത്തിനുണ്ടായ കാലതാമസത്തിന്റെ കാരണം വ്യക്തമാക്കാമോ ;<br><br>സി) ഈ പദ്ധതിയുടെ നിർമ്മാണ ചിലവ് എത്രയാണെന്ന് അറിയിക്കാമോ ;<br><br>ഡി) ചങ്ങനാശ്ശേരി നഗരവും, പായിപ്പാട് പഞ്ചായത്തിൽ പൂവം പ്രദേശവുമായി ബന്ധിപ്പിക്കുന്ന, വെള്ളപ്പൊക്ക ബാധിത മേഖലയിൽ സ്ഥിതി ചെയ്യുന്ന ഈ പാലത്തിന്റെ നിർമ്മാണം കാലതാമസം ഒഴിവാക്കി പൂർത്തീകരിക്കാൻ നടപടികൾ സ്വീകരിക്കുമോ ; വ്യക്തമാക്കാമോ ? | എ, ബി, സി & ഡി | ചങ്ങനാശ്ശേരി നിയോജക മണ്ഡലത്തിൽ പെരുമ്പുഴക്കടവ് പാലത്തിന്റെ തകർന്ന അപ്രോച്ച് റോഡ് പുനർനിർമ്മിക്കുന്നതിന് 350 ലക്ഷം രൂപയുടെ ഭരണാനുമതി 2015-ൽ നൽകിയിരുന്നു. ഭരണാനുമതി ഉത്തരവിലെ വ്യവസ്ഥ അനുസരിച്ച് കൂടുതൽ വിശദമായ മണ്ണ് പരിശോധനയും അനുയോജ്യമായ ഡിസൈനും നടത്തുന്നതിനായി തിരുവനന്തപുരം എഞ്ചിനീയറിംഗ് കോളേജിനു നൽകുകയും അവിടെ നിന്നും ലഭിച്ച റിപ്പോർട്ട് അനുസരിച്ചുള്ള ഡിസൈനു വേണ്ടി ഐ.ഡി.ആർ.ബി. ചീഫ് എഞ്ചിനീയറെ ഏൽപ്പിക്കുകയും ചെയ്തു. IDRB യുടെ ഡിസൈൻ ചീഫ് ടെക്നിക്കൽ എക്സാമിനർ പരിശോധിക്കുകയും അദ്ദേഹത്തിന്റെ നിരീക്ഷണങ്ങൾക്കനുസരിച്ച് പൂർണ്ണമായും ലാൻഡ് സ്പാൻ ആക്കികൊണ്ട് IDRB ഡിസൈനിൽ വരുത്തിയ ഭേദഗതി ഉൾപ്പെട്ട 450 ലക്ഷം രൂപയുടെ പുതിയ പ്രൊപ്പോസൽ സർക്കാരിൽ പരിശോധിച്ചുവരുന്നു. |

(ഒപ്പ്)
സെക്ഷൻ ഓഫീസർ